**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1367** **30-08-2022 - ൽ മറുപടിയ്ക്ക്**

## പ്ലസ്‌വൺ സീറ്റ് വർദ്ധന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ രംഗത്തെ മുന്നേറ്റത്തിനായി സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി എസ്.എസ്.എൽ.സി. പരീക്ഷയിൽ കൈവരിച്ച മികച്ച വിജയത്തിന് ആനുപാതികമായി പ്ലസ് വൺ സീറ്റുകൾ ലഭ്യമാണെന്ന് ഉറപ്പുവരുത്താൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സ.ഉ(കൈ) നം.119/2022/പൊ.വി.വ തീയതി 07.07.2022 പ്രകാരം തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലെ എല്ലാ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലും 30% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. അതുപോലെ തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലെ എല്ലാ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലും 20% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. ഇതിനുപരിയായി ആവശ്യപ്പെടുന്ന എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകൾക്ക് 10% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. കൂടാതെ സ.ഉ(കൈ) നം.118/2022/പൊ.വി.വ തീയതി 07.07.2022 പ്രകാരം 2021-22 അദ്ധ്യയന വർഷം താൽക്കാലികമായി അനുവദിച്ച 75 ബാച്ചുകളും ഷിഫ്റ്റ് ചെയ്ത 4 ബാച്ചുകളും അതേപടി ഈ വർഷവും തുടരുന്നതിന് അനുമതി നല്കിയിട്ടുണ്ട്. അതോടൊപ്പം കണ്ണൂർ പരിയാരം കെ.കെ.എൻ സ്മാരക സ്കൂളിൽ ഈ അദ്ധ്യയന വർഷത്തേയ്ക്ക് മാത്രം 2 ബാച്ചുകൾ താൽക്കാലികമായി അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഹയർ സെക്കന്ററി തലത്തിൽ തങ്ങൾക്കിഷ്ടപ്പെട്ട വിഷയം പഠിക്കാൻ വിദ്യാർത്ഥികൾക്ക് അവസരമൊരുക്കുന്നതിന് സീറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടോ; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ; | (ബി) | വർദ്ധിപ്പിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു. |

| District | School Count | Additional Seats |
|---|---|---|
| Thiruvananthapuram | 134 | 6400 |
| Kollam | 116 | 4620 |
| Pathanamthitta | 0 | 0 |
| Alappuzha | 0 | 0 |
| Kottayam | 0 | 0 |
| Idukki | 0 | 0 |
| Ernakulam | 159 | 5350 |
| Thrissur | 165 | 5820 |
| Palakkad | 125 | 7350 |

<table>
<tr><td></td><td></td><td></td><td>
<table>
<tr><td>Kozhikode</td><td>150</td><td>8695</td></tr>
<tr><td>Malappuram</td><td>173</td><td>13610</td></tr>
<tr><td>Wayanad</td><td>52</td><td>2260</td></tr>
<tr><td>Kannur</td><td>142</td><td>7300</td></tr>
<tr><td>Kasargode</td><td>88</td><td>3450</td></tr>
<tr><td>TOTAL</td><td>1665</td><td>64855</td></tr>
</table>
</td></tr>
<tr><td>(സി)</td><td>മൂന്ന് ഘട്ടങ്ങളായുള്ള പ്ലസ് വൺ പ്രവേശന പ്രക്രിയ സുഗമമായി പൂർത്തിയാക്കാനായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?</td><td>(സി)</td><td>മൂന്ന് ഘട്ടങ്ങളായുള്ള പ്ലസ് വൺ പ്രവേശന പ്രക്രിയ 2022 ആഗസ്റ്റ് 24-ന് സുഗമമായി പൂർത്തിയാക്കാനായിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ